(സി) 2012-13-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധികവരുമാനം ഉണ്ടായിട്ടുണ്ട്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

46 (4628) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതാണെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ആലത്തൂർ ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുള്ള കിഴക്കഞ്ചേരി, മുടപ്പല്ലൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് മംഗലം ഡാം ആസ്ഥാനമായി പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിരുന്നു.

(സി) പ്രസ്തുത നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കിഴക്കഞ്ചേരി, മുടപ്പല്ലൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പമ്പുതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം

47 (4629) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിന്റെ മുമതലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കാലതാമസംനേരിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കാലതാമസം വരുത്തുന്ന വിഷയങ്ങളിൽ അനെർട്ടിന്റെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly